കുൻമിങ്-മോൺട്രിയൽ മാർഗരേഖ

പ്രകൃതിയുമായുള്ള നമ്മുടെ ബന്ധം രൂപാന്തരപ്പെടുത്തുന്നതിന് 2022 ഡിസംബറിൽ ലോകരാജ്യങ്ങൾ ചേർന്ന് കുൻമിങ്-മോൺട്രിയൽ ആഗോള ജൈവവൈവിധ്യ മാർഗരേഖ അഥവാ ജൈവവൈവിധ്യ പദ്ധതി അംഗീകരിച്ചു. 2050ഓടെ, പ്രകൃതി സമ്പത്ത് നഷ്ടമാകുന്നത് തടയുകയും നഷ്ടമാക്കുന്ന പ്രവൃത്തികൾക്കെതിരെ നിലകൊള്ളുകയും ചെയ്യുന്നതിനുള്ള ലക്ഷ്യങ്ങളും കൃത്യമായ നടപടികളും നിശ്ചയിച്ചു.

'വിദ്യാഭ്യാസ സംവരണം വർധിപ്പിക്കണം'

കാഞ്ഞങ്ങാട്: നായർ സമുദായത്തിലെ വിദ്യാർഥികൾക്കുള്ള വിദ്യാഭ്യാസ സംവരണം വർധിപ്പിക്കണമെന്ന് കോട്ടച്ചേരി എൻ.എസ്.എസ്. കരയോഗം ആവശ്യപ്പെട്ടു. കാഞ്ഞങ്ങാട് പട്ടണത്തിലെ ഗതാഗതക്കുരുക്കും അപകടവും ഒഴിവാക്കുന്നതിന് ഫുട് ഓവർ സ്ഥാപിക്കണമെന്നും യോഗം ആവശ്യപ്പെട്ടു.

മേലാങ്കോട് ലയൺസ് ഹാളിൽ നടന്ന സമ്മേളനം താലൂക്ക് യൂനിയൻ പ്രസിഡന്റ് കെ. പ്രഭാകരൻ നായർ ഉദ്ഘാടനം ചെയ്തു. കരയോഗം പ്രസിഡന്റ് സി.കെ. വേണുഗോപാലൻ അധ്യക്ഷത വഹിച്ചു. എ.സി. ധനജയൻ നമ്പ്യാർ, സി.എം. കുഞ്ഞമ്പു നായർ, സി.കെ. വേണുഗോപാൽ എന്നിവരെ ആദരിച്ചു. താലൂക്ക് യൂനിയൻ വൈസ് പ്രസിഡന്റ് കെ.പി. ശ്രീകുമാർ, സെക്രട്ടറി പി. ജയപ്രകാശ്, ട്രഷറർ കെ. ബാലകൃഷ്ണൻ നായർ, രാമകൃഷ്ണൻ നായർ സംസാരിച്ചു. ഭാരവാഹികൾ ഇടയില്ലം ചെറിയോൻ നായർ(പ്രസിഡന്റ്), കെ. ബലരാമൻ നായർ(വൈസ് പ്രസിഡന്റ്), പി. ദിവാകരൻ നായർ(സെക്രട്ടറി), കെ. വിജയകൃഷ്ണൻ നമ്പ്യാർ(ജോ: സെക്രട്ടറി), കെ. ബാലകൃഷ്ണൻ നായർ(ട്രഷറർ).

കാറടുക്ക സൊസൈറ്റി തട്ടിപ്പ്

മോഷണക്കുറ്റം ചുമത്താൻ തീരുമാനം

» മൂന്നുപേരെ അറസ്റ്റ് ചെയ്തതല്ലാതെ കേസ് മുന്നോട്ടു നീങ്ങുന്നില്ല

കാസർകോട്: കാറടുക്ക അഗ്രികൾചറിസ്റ്റ് സഹകരണ സംഘം തട്ടിപ്പ് കേസിൽ മോഷണ കുറ്റം ചുമത്താൻ അന്വേഷണ സംഘം തീരുമാനം.

നഷ്ടപ്പെട്ട സ്വർണം കണ്ടെത്തി ഇടപാടുകാർക്ക് നൽകണമെങ്കിൽ മോഷണ കേസ് എടുക്കുക മാത്രമാണ് പോം വഴി. പ്രതികൾ സ്വർണം പണയംവെച്ച ബാങ്കുകളിൽ പൊലിസിനു കയറണമെങ്കിൽ കേസ് മോഷണ കേസായിരിക്കണം. കാറടുക്ക സൊസൈറ്റിയിൽ നിന്നും സെക്രട്ടറി എടുത്തുകൊണ്ടുപോയ സ്വർണം പെരിയയിലെയും കാഞ്ഞങ്ങാട്ടെയും ബാങ്കുകളിലാണ് പണയംവെച്ചത്.

ഇത് ഇടപാടുകാർക്ക് തിരിച്ചു കൊടുക്കാനുള്ള വഴിയാണ് മോഷണ കേസെടുക്കുന്നതിലൂടെ ലക്ഷ്യമാക്കുന്നത്.

സൊസൈറ്റിയിൽ രാഷ്ട്രീയ ഇടപെടൽ വഴി നേതാക്കൾ ധാരാളം നിക്ഷേപം എത്തിച്ചിട്ടുണ്ട്. അവരും ആശങ്കയിലാണ്. കേസിൽ മൂന്നുപേരെ അറസ്റ്റ് ചെയ്തതല്ലാതെ കേസ് മുന്നോട്ട് നീങ്ങുന്നില്ല. ഒന്നാം പ്രതിയും സൊസൈറ്റി സെക്രട്ടറിയുമായ രതീശനെ അറസ്റ്റ് ചെയ്തിട്ടില്ല. എവിടെയാണെന്ന് ഒരു സൂചനയും അന്വേഷണ സംഘത്തിനില്ല.

അയാൾ കേരള കർണാടക അതിർത്തികളിൽ കറങ്ങുന്നുണ്ട് എന്നാണ് വിവരം. മുളിയാർ ലോക്കൽ കമ്മിറ്റിയംഗം കൂടിയായ ഒന്നാം പ്രതിയെ അറസ്റ്റ് ചെയ്ത് ചോദ്യം ചെയ്താൽ മാത്രമേ കേസുമായി മുന്നോട്ട് പോകാനാകുവെന്ന നിഗമനത്തിലാണ് അന്വേഷണ സംഘം.

കേസിൽ കൂടുതൽ പ്രതികളുണ്ടോയെന്ന് രതീശനെ അറസ്റ്റ് ചെയ്താൽ മാത്രമേ അറിയാനാകുവെന്ന് അന്വേഷണ സംഘം ചോദ്യത്തിന് മറുപടിയായി പറഞ്ഞു. അതിനു മുമ്പ് ഇപ്പോൾ ജുഡിഷ്യൽ കസ്റ്റഡിയിലുള്ള പ്രതികളെ കസ്റ്റഡിയിൽ വാങ്ങണം. അതിനുള്ള അപേക്ഷ കോടതിയിൽ സമർപ്പിച്ചിട്ടുണ്ട് എന്നും അന്വേഷണ സംഘം പ്രതികരിച്ചു.

സൊസൈറ്റി പ്രസിഡന്റ് സൂപ്പി നൽകിയ പരാതിയിൽ നഷ്ടപ്പെട്ട സ്വർണം സെക്രട്ടറി മോഷ്ടിച്ചതാണെന്ന് പറയുന്നില്ല. സെക്രട്ടറി കൊണ്ടുപോയി എന്നാണ് പറയുന്നത്.

മേയ് രണ്ടിനാണ് സെക്രട്ടറി രതീശനോട് ബോർഡ് യോഗം അവധിയിൽ പോകാൻ നിർദേശിക്കുന്നത്. മേയ് ഒമ്പതിന് അവധിയിലായിരിക്കെ രതീശൻ ഓഫിസിൽ വന്ന് ലോക്കർ തുറന്ന് സ്വർണം ബാഗിലിട്ട് കൊണ്ടുപോകുകയായിരുന്നു. ലോക്കറിന്റെ താക്കോൽ ഒന്ന് ബാങ്കിലുണ്ടാകും. അത് ജീവനക്കാരുടെ സാന്നിധ്യത്തിൽ മാത്രമെ സെക്രട്ടറിയായാലും തുറക്കാനാകൂ.

സെക്രട്ടറി അവധിയിലാണെങ്കിൽ ചുമതലയുള്ള ജീവനക്കാരനാണ് താക്കോലിന്റെ അധികാരം. എന്നാൽ അവധിയിൽ പോകുമ്പോൾ ലോക്കറിന്റെ താക്കോലുമായി പോകുകയായിരുന്നു രതീശൻ. അവധിക്കിടയിൽ വന്ന് 1.2 കോടിയുടെ സ്വർണം ഇടപാടുകാരറിയാതെ എടുത്തുകൊണ്ടുപോകുകയായിരുന്നു.

എന്തുകൊണ്ട് മോഷണകേസ് ചുമത്തുന്നില്ല എന്നത് അന്വേഷണ സംഘത്തിനിടയിലും പൊതുജനത്തിനിടയിലുമുള്ള അഭിപ്രായമാണ്.

കേസിന്റെ തുടക്കം മുതൽ ചോദിക്കുന്ന ചോദ്യമാണ് ഇത്. മോഷണ കേസ് എടുക്കാതെ മുന്നോട്ടു പോകണമെന്നായിരുന്നു സൊസൈറ്റി ഭരണസമിതിയുടെ ആവശ്യം.

മോഷണ കേസ് എടുക്കാതെ നിർവാഹമില്ല എന്ന അന്വേഷണ സംഘത്തിന്റെ നിഗമനമാണ് മോഷണ കേസിലേക്ക് എത്തുന്നത്. ഒളിവിൽ കഴിയുന്ന സെക്രട്ടറിയെ ചോദ്യം ചെയ്യുന്നതോടെ പ്രസിഡന്റ് സൂപ്പിയും പ്രതിസ്ഥാനത്ത് എത്തുമെന്നാണ് സൂചന.

സംഘത്തിലെ ഏറ്റവും ഉയർന്ന തലത്തിലുള്ള പാർട്ടിനേതാവ് രതീശനായതിനാൽ സെക്രട്ടറി പറയുന്നിടത്ത് ഒപ്പുവെക്കുകയെന്ന ചുമതലയാണ് പ്രസിഡന്റ് നിർവഹിച്ചത്. അതിനുപുറമെ കാര്യങ്ങൾക്ക് വേഗതയുണ്ടാക്കാൻ പ്രസിഡന്റും സെക്രട്ടറിയും ഒപ്പിട്ട ചെക്കുകൾ സൂക്ഷിക്കുക സഹകരണ സ്ഥാപനങ്ങളിലെ രീതിയാണ്.

കാർഷിക വായ്പ ഒരു കോടി രൂപ ബഷീറിന്റെ അക്കൗണ്ടിലേക്ക് കൈമാറിയത് പ്രസിഡന്റ് കൂടി ഒപ്പിട്ട ചെക്കുകൾ വഴിയാണ്. ഇതാണ് പ്രസിഡന്റിന് വിനയാകാൻ പോകുന്നത്.

അറസ്റ്റിലായ പ്രതികളായ കാഞ്ഞങ്ങാട്ടെ അനിൽകുമാർ, പള്ളിക്കരയിലെ അബ്ദുൽ ബഷീർ, പറക്ലായി സ്വദേശി ഗഫൂർ എന്നിവർക്ക് പുറമെ ഒരു പ്രതികൂടിയുണ്ട് എന്നാണ് അന്വേഷണ സംഘം നൽകുന്ന സൂചന.

ബഷീറിന്റെ അക്കൗണ്ടിലേക്ക് കൈമാറിയ പണമാണ് പ്രതികളിലേക്ക് എത്തിയത്. റിയൽ എസ്റ്റേറ്റുമായി ബന്ധപ്പെട്ട് ഒരാൾ കൂടി പിടിയിലാകാനുണ്ട്.

ജുഡിഷ്യൽ കസ്റ്റഡിയിലുള്ള പ്രതികളെ ചോദ്യം ചെയ്യുന്നതോടെ അത് തെളിയും.

വയലിൻ ത്രയ കച്ചേരിയിൽ എസ്.ആർ മഹാദേവശർമ, എസ്.ആർ. രാജശ്രീ, എൽ. വൈദ്യനാഥ ശർമ എന്നിവർ വയലിൻ കച്ചേരി അവതരിപ്പിക്കുന്നു

അനുസ്മരണവും വയലിൻ കച്ചേരിയും

കാഞ്ഞങ്ങാട്: അഡ്വ.പി. കൃഷ്ണൻ നായർ സ്മാരക ഗ്രന്ഥാലയത്തിൽ നടക്കുന്ന ഓർമയുടെ അറുപതാണ്ടിന്റെ ഭാഗമായി കലാമണ്ഡലം രാമൻകുട്ടി വാര്യർ മെമ്മോറിയൽ ട്രസ്റ്റിന്റെ സഹകരണത്തോടെ വയലിൻ വാദകൻ എം. സുബ്രഹ്മണ്യ ശർമ അനുസ്മരണവും വയലിൻ കച്ചേരിയും നടന്നു. അനുസ്മരണ സമ്മേളനം കലാമണ്ഡലം ശിവൻ നമ്പൂതിരി ഉദ്ഘാടനം ചെയ്തു. വയലിനിസ്റ്റ് എസ്.ആർ. മഹാദേവ ശർമ അനുസ്മരണ പ്രഭാഷണം നടത്തി. രാജൻ വിഷ്ണുമംഗലം അധ്യക്ഷനായി. കലാമണ്ഡലം ശിവൻ നമ്പൂതിരിയെ ഡോ. സി. ബാലൻ ആദരിച്ചു. പഞ്ചായത്ത് പ്രസിഡന്റ് സി.കെ. അരവിന്ദൻ, പത്മനാഭ സ്വാമി ക്ഷേത്രം മുൻ പെരിയ നമ്പി പത്മനാഭ മധുര മ്പാടിത്തായർ, വി.എം. ദിനേശൻ, കോട്ടക്കൽ നാരായണൻ, ടി.പി ശ്രീനിവാസൻ, മേരിക്കുട്ടി രഞ്ജൻ, ഡോ. ശശിധര റാവു, കലാമണ്ഡലം വാസുദേവൻ നമ്പീശൻ, അനിൽ പുളിക്കാൽ എന്നിവർ സംസാരിച്ചു. തുടർന്ന് എസ്.ആർ. മഹാദേവ ശർമ, എസ്.ആർ. രാജശ്രീ, ജി.എൽ. വൈദ്യനാഥ ശർമ എന്നിവരുടെ വയലിൻ കച്ചേരി നടന്നു. വയലിൻ ത്രയത്തിന് പാലക്കാട് കെ.എസ്. മഹേഷ് കുമാർ മൃദംഗത്തിലും രത്നശ്രീ അയ്യർ തബലയിലും കുറിച്ചിത്താനം എസ്. അനന്തകൃഷ്ണൻ ഘടത്തിലും പക്കമേളമൊരുക്കി.

എൻ.സി.പി.എസ് ജില്ല നേതൃയോഗം വനം - വന്യജീവി വകുപ്പ് മന്ത്രി എ.കെ. ശശീന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു

ഇൻഡ്യ സഖ്യത്തിന് അനുകൂലമായി ദേശീയ രാഷ്ട്രീയം മാറുന്നു -മന്ത്രി എ.കെ. ശശീന്ദ്രൻ

കാഞ്ഞങ്ങാട്: രാജ്യത്ത് പൊതുതിരഞ്ഞെടുപ്പ് അഞ്ച് ഘട്ടം പിന്നിട്ടപ്പോൾ ഇടത് ജനാധിപത്യ മതേതര പാർട്ടികൾ അടങ്ങുന്ന ഇൻഡ്യ സഖ്യത്തിന് അനുകൂലമായി രാഷ്ട്രീയം മാറുകയാണെന്ന് വനം വന്യജീവി മന്ത്രി എ.കെ. ശശീന്ദ്രൻ പറഞ്ഞു.

എൻ.സി.പി.എസ് ജില്ല നേതൃയോഗം കാഞ്ഞങ്ങാട്ട് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. എൻ.സി.പി എസും അതിന്റെ നേതാവ് ശരത് പവാറും മുന്നോട്ടു വെക്കുന്ന രാഷ്ട്രീയത്തിന് ഇന്ത്യയിൽ കൂടുതൽ പ്രസക്തി കൈവന്നിരിക്കുന്നു.

തിരഞ്ഞെടുപ്പ് ഫലത്തിന് ശേഷം പ്രതീക്ഷിക്കാത്ത തരത്തിലുള്ള കൂട്ടുകെട്ടുകളും ബന്ധങ്ങളും ഉണ്ടായേക്കാം. ഏത് രാഷ്ട്രീയ പ്രതിസന്ധിയെയും നേരിട്ട് ഇടത് ജനാധിപത്യ, മതേതര ചേരി ശക്തമാക്കാൻ എൻ.സി.പി തയാറാകും. ഇടതുമുന്നണിയുടെ ഭാഗമായി ശക്തമായി നിലയുറപ്പിക്കാനും മുന്നണി ബന്ധം ദൃഢമാക്കാനും തിരഞ്ഞെടുപ്പ് പ്രവർത്തനം സഹായകമായിട്ടുണ്ടെന്നും മന്ത്രി എ.കെ .ശശീന്ദ്രൻ പറഞ്ഞു. ജില്ല പ്രസിഡന്റ് കരീം ചന്തേര അധ്യക്ഷത വഹിച്ചു. സംസ്ഥാന സംഘടന ജനറൽ സെക്രട്ടറി കെ.ആർ. രാജൻ മുഖ്യപ്രഭാഷണം നടത്തി.

സംസ്ഥാന വൈസ് പ്രസിഡന്റ് അഡ്വ. പി.എം. സുരേഷ് ബാബു, ജനറൽ സെക്രട്ടറി പി.കെ. രവീന്ദ്രൻ, സെക്രട്ടറി സി. ബാലൻ, ജില്ല ജനറൽ സെക്രട്ടറിമാരായ ഉദിനൂർ സുകുമാരൻ, സുബൈർ പടുപ്പ്, സിദ്ദിഖ് കൈക്കമ്പ എന്നിവർ സംസാരിച്ചു. ജില്ല ജനറൽ സെക്രട്ടറി ടി. നാരായണൻ സ്വാഗതവും ഒ.കെ ബാലകൃഷ്ണൻ നന്ദിയും പറഞ്ഞു. എസ്.എസ്.എൽ.സി, പ്ലസ്ടു പരീക്ഷകളിൽ ഉന്നത വിജയം നേടിയവരെ മന്ത്രി ഉപഹാരം നൽകി അനുമോദിച്ചു.

SOUTH INDIAN Bank

റീജണൽ ഓഫീസ് കണ്ണൂർ
എസ്.ഐ.ബി. ഹൗസ്, ചാലാട് - അലവിൽ റോഡ്, കണ്ണൂർ
പിൻ: 670 014, കേരള, ഫോൺ: +91 497 2713233/34/35
email: ro1016@sib.co.in, CIN No.L65191KL1929PLC001017
രജി. ഓഫീസ്: എസ്.ഐ.ബി ഹൗസ്, ടി.ബി. റോഡ്, തൃശ്ശൂർ-680001, കേരള, ഫോൺ: 0487 2420020
E-mail: sibcorporate@sib.co.in, Website: www.southindianbank.com

വസ്തു ഇ-ലേല വിൽപന നോട്ടീസ് [റൂൾ-8 (6) & 9(1)]

സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫൈനാൻഷ്യൽ അസ്സറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് നിയമം, 2002 പ്രകാരവും സെക്യൂരിറ്റി ഇന്ററസ്റ്റ് എൻഫോഴ്സ്മെന്റ് 2002 റൂൾ 8 (6) & 9 (1) പ്രകാരവും വായ്പക്കാരെയും ജാമ്യക്കാരെയും പൊതുജനങ്ങളെയും അറിയിക്കുന്ന സ്ഥാവരവസ്തു ഇ-ലേല വിൽപ്പന നോട്ടീസ്.

വായ്പക്കാർ/ജാമ്യക്കാർ **(1) ശ്രീ. മഹ്ഫൂസ് എം.ഡി.,** S/o ഇസ്മായിൽ മുണ്ടങ്ങലം, മുണ്ടങ്ങലം ഹൗസ്, ബേവിഞ്ഞെ, തെക്കിൽഫെറി പി.ഒ., ചെങ്കള, കാസർകോട്, കേരളം-671541 **2) ശ്രീമതി ഇർഫാന ഇബ്രാഹിം, 3) ശ്രീമതി മറിയംബി കെ.എ.** W/o ഇസ്മായിൽ മുണ്ടങ്ങലം **4) ഫാത്തിമ റിസ്വാന 5) ശ്രീ. മാറൂഫ് എം.ഡി.,** S/o. ഇസ്മായിൽ മുണ്ടങ്ങലം, എല്ലാവരും താമസിക്കുന്നത് മുണ്ടങ്ങലം ഹൗസ്, ബേവിഞ്ഞെ, തെക്കിൽഫെറി പി.ഒ., ചെങ്കള, കാസർകോട്, കേരളം-671541 **6) അഹമ്മദ് ബഷീർ,** S/o അഹമ്മദ്, മിഹ്വാൻ മഹൽ, കൊമ്പൻപാറ, കൽനാട്, കാസർകോട്, 671317, **7) റാബിയ ബഷീർ,** W/o ബഷീർ, ബുസ്താന മഹൽ, ന്യൂ ഹാപ്പി മൻസിൽ, കൽനാട്, കാസർകോട് 671317.

താഴെ പറയുന്ന വസ്തുവഹകൾ **സൗത്ത് ഇന്ത്യൻ ബാങ്ക് ലിമിറ്റഡിന്റെ ചെർക്കള ബ്രാഞ്ചിൽ** ജാമ്യവസ്തുക്കളായി നൽകിയിട്ടുള്ളതും സൗത്ത് ഇന്ത്യൻ ബാങ്ക് ലിമിറ്റഡിന്റെ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ കൈവശത്തിലെടുത്തിട്ടുള്ളതും സൗത്ത് ഇന്ത്യൻ ബാങ്ക് ചെർക്കള ബ്രാഞ്ചിന് മുകളിൽ പറഞ്ഞ വായ്പക്കാർ/ജാമ്യക്കാർ എന്നിവരിൽ നിന്നും ഐറ്റം നം.1 മുതൽ 3 വരെ വസ്തുക്കൾ ഈട് നൽകിയതിലേക്ക് മഹ്ഫൂസ് എം.ഡി യുടെ ഒഡി. കോൺട്രാക്ടേഴ്സ് & എഫ്.ഐ.ടി.എൽ ലോൺ അക്കൗണ്ടുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഡെബറ്റ് റിക്കവറി ട്രിബ്യൂണൽ1, എറണാകുളം ഫയൽ ചെയ്ത ഒ.എ. നം. 531/2022ൽ വിശദീകരിച്ച പ്രകാരം **17.05.2024**ന് കിട്ടുവാനുള്ള തുകയായ **5,25,96,353.65 (അഞ്ച് കോടി ഇരുപത്തിയഞ്ച് ലക്ഷത്തി തൊണ്ണൂറ്റി യാറായിരത്തി മുന്നൂറ്റി അൻപത്തിമൂന്ന് രൂപ അറുപത്തിയഞ്ച് പൈസ മാത്രം)** കൂടാതെ 18.05.2024 മുതലുള്ള പലിശയും പിഴപ്പലിശയും ചെലവുകളും സഹിതം & ഐറ്റം നം.4 ഈട് നൽകിയതിലേക്ക് മഹ്ഫൂസ് എം.ഡി യുടെ വസ്തുവിൻമേലുള്ള ഒഡി. & എഫ്.ഐ.ടി.എൽ ലോൺ അക്കൗണ്ടുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഡെബറ്റ് റിക്കവറി ട്രിബ്യൂണൽ1, എറണാകുളം ഫയൽ ചെയ്ത ഒ.എ. നം. 531/2022ൽ വിശദീകരിച്ച പ്രകാരം **17.05.2024**ന് കിട്ടുവാനുള്ള തുകയായ **1,38,80,565.75 (ഒരു കോടി മുപ്പത്തിയെട്ട് ലക്ഷത്തി എൺപതിനായിരത്തി അഞ്ഞൂറ്റിഅറുപത്തിയഞ്ച് രൂപ എഴുപത്തിയഞ്ച് പൈസ മാത്രം)** കൂടാതെ 18.05.2024 മുതലുള്ള പലിശയും പിഴപ്പലിശയും ചെലവുകളും സഹിതം തിരിച്ചുപിടിക്കുന്നതിനായി വസ്തുവഹകൾ ഇപ്പോൾ എവിടെയാണോ എങ്ങിനെയാണോ ഏതൊക്കെയാണോ എന്ന അടിസ്ഥാനത്തിൽ **13.06.2024**ന് ബാങ്ക് വിൽക്കുന്നതായിരിക്കും.

സ്ഥാവര വസ്തുക്കളുടെ വിവരങ്ങൾ

ഐറ്റം നം.1: **വസ്തു ഉടമയുടെ പേര്:** മറിയംബി കെ എ, **വസ്തുവിന്റെ വിവരണം:** കാസർഗോഡ് ജില്ലയിലെ കാസർഗോഡ് താലൂക്കിലെ മുളിയാർ വില്ലേജിൽ റീസർവ്വെ നം. 27/1പിടി10, കാസർഗോഡ് എസ്.ആർ.ഒ യിൽ 21.06.2018ന് രജിസ്റ്റർ ചെയ്ത 2233/2018 ജൻമം വിൽപ്പന ആധാരപ്രകാരം ശ്രീമതി മറിയംബി കെ എ യുടെ ഉടമസ്ഥതയിൽ കൈവശങ്ങളും ദേഹണ്ഡങ്ങളുമടക്കം പുരോഗതിയോട് കൂടിയ എല്ലാ അവകാശങ്ങളും നിർമ്മാണങ്ങളും മെച്ചപ്പെടുത്തലുകളും അടക്കം 61.11 ആർസ് (151 സെന്റ്) സ്ഥലം. **അതിർത്തികൾ:** വടക്ക്: സ്റ്റേറ്റ് ഹൈവേ, കിഴക്ക്: എം.ഡി. ഇസ്മയിലിന്റെ സ്ഥലം, തെക്ക്: ഇബ്രാഹിം മുസ്ലിയാരുടെ സ്ഥലം, പടിഞ്ഞാറ്: തായൽ അബ്ദുല്ലയുടെ സ്ഥലം.

കരുതൽ വില: **48,00,000.00 (നാൽപ്പത്തിയെട്ട് ലക്ഷം രൂപ മാത്രം)**
നിരതദ്രവ്യം (EMD): **4,80,000.00 (നാല് ലക്ഷത്തി എൺപതിനായിരം രൂപ മാത്രം)** (EMD 12.06.2024ന് വൈകു. 5 മണിക്കോ അല്ലെങ്കിൽ അതിനുമുമ്പായോ നിക്ഷേപിക്കാവുന്നതാണ്
ബിഡ് ഇൻക്രിമെന്റ് തുക: **10,000 (പത്തായിരം രൂപ മാത്രം)**
ഇ-ലേലത്തിന്റെ തിയതിയും സമയവും: **13.06.2024ന് രാവിലെ 10:00 മുതൽ 11:00 വരെ** വിൽപ്പന അവസാനിക്കുന്നത് വരെ 5 മിനിറ്റ് പരിധിയില്ലാത്ത ദൈർഘ്യത്തോട് കൂടി.
ബാങ്കിന് അറിയാവുന്ന ബാധ്യതകൾ: **ബാധ്യതകൾ ഇല്ല**

ഐറ്റം നം. 2: **വസ്തു ഉടമയുടെ പേര്:** ശ്രീമതി ഫാത്തിമ റിസ്വാന & ശ്രീമതി ഇർഫാനഇബ്രാഹിം, **വസ്തുവിന്റെ വിവരണം:** കാസർഗോഡ് ജില്ലയിലെ കാസർഗോഡ് താലൂക്കിലെ മുളിയാർ വില്ലേജിൽ റീസർവ്വെ നം. 53/1പിടി, 44/2പിടി, 45/6പിടി & 54/പിടി കാസർഗോഡ് എസ്.ആർ.ഒ യിൽ 21.06.2018ന് രജിസ്റ്റർ ചെയ്ത 2252/2018 ജൻമം വിൽപ്പന ആധാരപ്രകാരം ശ്രീമതി ഫാത്തിമ റിസ്വാനയുടെയും ശ്രീമതി ഇർഫാനഇബ്രാഹിമിന്റെയും ഉടമസ്ഥതയിൽ കൈവശങ്ങളും ദേഹണ്ഡങ്ങളുമടക്കം പുരോഗതിയോട് കൂടിയ എല്ലാ അവകാശങ്ങളും നിർമ്മാണങ്ങളും മെച്ചപ്പെടുത്തലുകളും അടക്കം 130.63 ആർസ് (322.66 സെന്റ്) സ്ഥലം. **അതിർത്തികൾ റവന്യൂ രേഖകൾ പ്രകാരം (റീസർവ്വെ നം. 53/1പിടി):** വടക്ക്: ബദറുന്നിസയുടെ സ്ഥലം, കിഴക്ക്: ബദറുന്നിസയുടെ സ്ഥലം, തെക്ക്: ബദറുന്നിസയുടെ സ്ഥലം, പടിഞ്ഞാറ്: സ്വന്തം സ്ഥലം, **(റീസർവ്വെ നം. 44/2പിടി):** വടക്ക്: റോഡും സ്വന്തം സ്ഥലവും, കിഴക്ക്: സ്വന്തം സ്ഥലം, തെക്ക്: സ്വന്തം സ്ഥലം, പടിഞ്ഞാറ്: മറിയംബിയുടെയും മറ്റുള്ളവരുടെയും സ്ഥലം, **(റീസർവ്വെ നം. 45/6പിടി):** വടക്ക്: റോഡ്, കിഴക്ക്: ബദറുന്നിസയുടെ സ്ഥലം, തെക്ക്: സ്വന്തം സ്ഥലം, പടിഞ്ഞാറ്: എം.ഡി ഇസ്മായിൽ ഹാജിയുടെ സ്ഥലം, **(റീസർവ്വെ നം. 54/പിടി):** വടക്ക്: സ്വന്തം സ്ഥലം, കിഴക്ക്: ബദറുന്നിസയുടെ സ്ഥലം, തെക്ക്: കുമാരന്റെ സ്ഥലം, പടിഞ്ഞാറ്: കാർത്ത്യായനിയുടെ സ്ഥലം.

കരുതൽ വില: **96,00,000.00 (തൊണ്ണൂറ്റി ആറ് ലക്ഷം രൂപ മാത്രം)**
നിരതദ്രവ്യം (EMD): **9,60,000.00 (ഒമ്പത് ലക്ഷത്തി അറുപതിനായിരം രൂപ മാത്രം)** (EMD 12.06.2024ന് വൈകു. 5 മണിക്കോ അല്ലെങ്കിൽ അതിനുമുമ്പായോ നിക്ഷേപിക്കാവുന്നതാണ്
ബിഡ് ഇൻക്രിമെന്റ് തുക: **10,000 (പത്തായിരം രൂപ മാത്രം)**
ഇ-ലേലത്തിന്റെ തിയതിയും സമയവും: **13.06.2024ന് രാവിലെ 11:30 മുതൽ 12:30 വരെ** വിൽപ്പന അവസാനിക്കുന്നത് വരെ 5 മിനിറ്റ് പരിധിയില്ലാത്ത ദൈർഘ്യത്തോട് കൂടി.
ബാങ്കിന് അറിയാവുന്ന ബാധ്യതകൾ: **ബാധ്യതകൾ ഇല്ല**

ഐറ്റം നം. 3: **വസ്തു ഉടമയുടെ പേര്:** ശ്രീ അഹമ്മദ് ബഷീർ, **വസ്തുവിന്റെ വിവരണം:** കാസർഗോഡ് ജില്ലയിലെ കാസർഗോഡ് താലൂക്കിലെ കളനാട് വില്ലേജിൽ റീസർവ്വെ നം. 214/2പിടി, (സർവ്വെ നം. 15/170) ഉദുമ എസ്.ആർ.ഒ യിൽ 16.12.2009ന് രജിസ്റ്റർ ചെയ്ത 4623/2009 ജൻമം വിൽപ്പന ആധാരപ്രകാരം ശ്രീ അഹമ്മദ് ബഷീറിന്റെ ഉടമസ്ഥതയിൽ 4000 സ്കയർഫീറ്റ് വിസ്തീർണ്ണമുള്ള റസിഡെൻഷ്യൽ ബിൽഡിംഗ് അടക്കം (ഡോർ നം. 15/170) കൈവശങ്ങളും ദേഹണ്ഡങ്ങളുമടക്കം പുരോഗതിയോട് കൂടിയ എല്ലാ അവകാശങ്ങളും നിർമ്മാണങ്ങളും മെച്ചപ്പെടുത്തലുകളും അടക്കം 30 സെന്റ് സ്ഥലം. **അതിർത്തികൾ:** വടക്ക്: ദൈനാബിയുടെ സ്ഥലം, കിഴക്ക്: കരുവന്റെയും ചിരുവന്തന്റെയും സ്ഥലം, തെക്ക്: കണ്ണന്റെ നിയമപരമായ അവകാശികളുടെ സ്ഥലം, പടിഞ്ഞാറ്: റോഡ്.

കരുതൽ വില: **66,20,000.00 (അറുപത്തിയാറു ലക്ഷത്തി ഇരുപതിനായിരം രൂപ മാത്രം)**
നിരതദ്രവ്യം (EMD): **6,62,000.00 (ആറ് ലക്ഷത്തി അറുപത്തി രണ്ടായിരം രൂപ മാത്രം)** (EMD 12.06.2024ന് വൈകു. 5 മണിക്കോ അല്ലെങ്കിൽ അതിനുമുമ്പായോ നിക്ഷേപിക്കാവുന്നതാണ്
ബിഡ് ഇൻക്രിമെന്റ് തുക: **10,000 (പത്തായിരം രൂപ മാത്രം)**
ഇ-ലേലത്തിന്റെ തിയതിയും സമയവും: **13.06.2024ന് ഉച്ചക്ക് 1:00 മുതൽ 2:00 വരെ** വിൽപ്പന അവസാനിക്കുന്നത് വരെ 5 മിനിറ്റ് പരിധിയില്ലാത്ത ദൈർഘ്യത്തോട് കൂടി.
ബാങ്കിന് അറിയാവുന്ന ബാധ്യതകൾ: **ബാധ്യതകൾ ഇല്ല**

ഐറ്റം നം. 4: **വസ്തു ഉടമയുടെ പേര്:** ശ്രീ മാറൂഫ് എം.ഡി, **വസ്തുവിന്റെ വിവരണം:** കാസർഗോഡ് ജില്ലയിലെ കാസർഗോഡ് താലൂക്കിലെ ബേളവില്ലേജിൽ സർവ്വെ നം. 503/3പിടി കാസർഗോഡ് എസ്.ആർ.ഒ യിൽ 27.02.2018ന് രജിസ്റ്റർ ചെയ്ത 985/2018 ജൻമം വിൽപ്പന ആധാരപ്രകാരം കൈവശങ്ങളും ദേഹണ്ഡങ്ങളുമടക്കം പുരോഗതിയോട് കൂടിയ എല്ലാ അവകാശങ്ങളും നിർമ്മാണങ്ങളും മെച്ചപ്പെടുത്തലുകളും അടക്കം 48.56 ആർസ്(120 സെന്റ്) സ്ഥലം. **അതിർത്തികൾ:** വടക്ക്: പഞ്ചായത്ത് റോഡ്, കിഴക്ക്: അബ്ദുല്ലയുടെ സ്ഥലവും റോഡും, തെക്ക്: മഹ്ഫൂസിന്റെയും സൂന്ദരയുടെയും സ്ഥലം, പടിഞ്ഞാറ്: ഇബ്രാഹിമിന്റെ സ്ഥലം.

കരുതൽ വില: **44,30,000.00 (നാൽപ്പത്തിനാല് ലക്ഷത്തി മുപ്പതിനായിരം രൂപ മാത്രം)**
നിരതദ്രവ്യം (EMD): **4,43,000.00 (നാല് ലക്ഷത്തി നാൽപ്പത്തി മൂവായിരം രൂപ മാത്രം)** (EMD 12.06.2024ന് വൈകു. 5 മണിക്കോ അല്ലെങ്കിൽ അതിനുമുമ്പായോ നിക്ഷേപിക്കാവുന്നതാണ്
ബിഡ് ഇൻക്രിമെന്റ് തുക: **10,000 (പത്തായിരം രൂപ മാത്രം)**
ഇ-ലേലത്തിന്റെ തിയതിയും സമയവും: **13.06.2024ന് ഉച്ചക്ക് 2:30 മുതൽ 3:30 വരെ** വിൽപ്പന അവസാനിക്കുന്നത് വരെ 5 മിനിറ്റ് പരിധിയില്ലാത്ത ദൈർഘ്യത്തോട് കൂടി.
ബാങ്കിന് അറിയാവുന്ന ബാധ്യതകൾ: **ബാധ്യതകൾ ഇല്ല**

വിൽപ്പ